# വിശുദ്ധ വചസ്സുകൾ

പി.ടി. അബ്ദുർറഹ്മാൻ



ഋഷികൾ, മനീഷികൾ
വിശ്വൈക വിചക്ഷണർ,
സത്യമാർഗണർ, സർഗ-
സാഹിത്യവിശാരദർ
സർവരും സംയുക്തരായ്
മൊഴിയുന്നൊരു കാര്യം
സമ്പൂർണ സംപൂജ്യമി-
ഖുർആനത്യത്ഭുതം!

ശതവത്സരങ്ങള-
തേറ്റുചൊല്ലുമ്പോൾ, നിത്യ-
ശരിയായ് ശേഷിക്കുന്നു
പാവനോക്തികൾ ഖുർആൻ.
മനുഷ്യമനസ്സെന്ന
തമസ്സിൻ ഗുഹയ്ക്കുള്ളിൽ
മഹത്വം വെളിച്ചമായ്
ജ്വലിച്ചതത്രേ ഖുർആൻ!

ഹേ, മുഗ്ധവചസ്സുകൾ
നിങ്ങളെൻ വിയത്തിലെ
താരകങ്ങളിൽ പൊരു-
ളൊളി വീശിയില്ലെങ്കിൽ
കൃഷ്ണ മേഘങ്ങൾ തിങ്ങി-
നിറഞ്ഞ നിശയായ് ഞാൻ
തൃഷ്ണയറ്റൊരു ശുഷ്ക-
ജന്മമായ് മരിച്ചേനെ!

പകൽപ്പൂ വിരിയാത്ത
സ്വപ്നങ്ങളുണരാത്ത
പുകപുഷ്കരത്തിലെൻ
ജീവിതം നശിച്ചേനെ.
ഓർമകളുടെ യോട-
ക്കുഴലും, കുയിലുമെ-
ന്നോമന നടനപ്പൊൻ-
മയിലും മരിച്ചേനെ!

ഹേ, ദുഗ്ധവചനങ്ങൾ
നിങ്ങളെൻ ചേതസ്സിന്റെ-
യാഴിതന്നാഴങ്ങളിൽ
നീരൊഴുക്കായില്ലെങ്കിൽ,
ചെളിയും ചേറുംകൊണ്ടു
നിറഞ്ഞ കയത്തിലെൻ
മുത്തുകൾ തിളങ്ങാതെ
കറുത്തു കഴിഞ്ഞേനെ!

ചിന്തയായ് വലയാത്ത,
മത്സ്യമായ് അലയാത്ത
വ്യഥ മാത്രമായ് ഞാനി-
ക്കടലിൽ ലയിച്ചേനെ.
ജ്വലനസ്മരണയാം
രത്നവും, പവിഴവും
ജലസൗഭഗങ്ങളും
മനസ്സിൽ മരിച്ചേനെ!